14996
29/8/19

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**"ഭരണഭാഷ – മാതൃഭാഷ"**

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

**പാ.കാ.വ–ബി1/13/2019/പാ.കാ.വ**

തിരുവനന്തപുരം

തീയതി : 13/03/2019

## സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് – അനൗദ്യോഗികാംഗങ്ങൾ അവതരിപ്പിച്ച ബില്ലുകളിലെ നിർദ്ദേശങ്ങൾ ഗവൺമെന്റ് ബില്ലുകളിലെ ഭാഗമാകുകയാണെങ്കിൽ അനൗദ്യോഗികാംഗത്തിന്റെ പേര് ബില്ലിൽ പരാമർശിക്കണമെന്ന നിർദ്ദേശം – സംബന്ധിച്ച്.

സൂചന : 12/12/2018–ലെ നിയമസഭാ സെക്രട്ടറിയുടെ 5155/ടേബിൾ–1/2018/നി.സെ നമ്പർ കത്ത്

കേരള നിയമസഭയിലെ അനൗദ്യോഗികാംഗങ്ങൾ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിട്ടുള്ള ബില്ലുകളിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളെ പിൻപറ്റി ഗവൺമെന്റ് ബില്ലുകൾ പിന്നീട് വരികയാണെങ്കിൽ, പ്രസ്തുത ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ബില്ലിനാധാരമായ വിഷയം മുന്നോട്ട് വച്ച അനൗദ്യോഗികാംഗത്തിന്റെ പേരു കൂടി ഉൾപ്പെടുത്തണമെന്ന് ബഹു. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന പതിനാലാം കേരള നിയമസഭയുടെ സമിതി ചെയർമാന്മാരുടെ ഒരു യോഗത്തിൽ അഭിപ്രായമുണ്ടായതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സൂചന കത്ത് മുഖാന്തിരം നിയമസഭാ സെക്രട്ടറി അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ ഗവൺമെന്റ് ബില്ലുകളിലെ നിർദ്ദേശങ്ങൾ ഏതെങ്കിലും അനൗദ്യോഗിക ബില്ലുകളെ പിൻപറ്റിയാണ് തയ്യാറാക്കപ്പെടുന്നതെങ്കിൽ പ്രസ്തുത ബിൽ അവതരിപ്പിച്ച അംഗത്തിന്റെ പേര് ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് എല്ലാ വകുപ്പുകൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

**ബിശ്വനാഥ് സിൻഹ. IAS**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ